# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1364

30.01.2018-ൽ
മറുപടിയ്ക്ക്

### സാങ്കേതിക സർവ്വകലാശാലാ വി.സി. യുടെ രാജി

*ചോദ്യം*
ശ്രീ.എൻ. ഷംസുദ്ദീൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലാ വി.സി. ആയിരുന്ന ഡോ. കുഞ്ചറിയ പി.ഐസക്ക് രാജി വെക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; | (എ) | സാങ്കേതിക സർവ്വകലാശാലാ മുൻ വി.സി. ആയിരുന്ന ഡോ. കുഞ്ചറിയ പി.ഐസക്ക് രാജിവെക്കുവാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമല്ല. |
| (ബി) | സാങ്കേതിക സർവ്വകലാശായുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. നിലവാരമില്ലാത്തതായി കണ്ട അഞ്ച് കോളേജുകളുടെ അംഗീകാരം സാങ്കേതിക സർവ്വകലാശാല സ്ഥാപിതമായതിന് ശേഷം പിൻവലിക്കുകയുണ്ടായി. ഓരോ വർഷവും അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കാറുണ്ട്. കൂടാതെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിനായി ഓരോ |

| | | | |
|---|---|---|---|
| | | | സെമസ്റ്ററിലും രണ്ട് തവണ അക്കാദമിക് രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അക്കാദമിക് ഓഡിറ്റിംഗ് എന്ന പരിശോധനയും നടത്തിവരുന്നു. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും വിദ്യാർത്ഥികളിൽ നിന്നുള്ള പരാതിയും അടിസ്ഥാനമാക്കി, കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നാല് കോളേജുകളിൽ നിന്നും വിദ്യാർത്ഥികളെ മറ്റു കോളേജു-കളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ